ശ്രീ. വയലാർ രവി: അഞ്ച് കൊല്ലത്തിനു മുമ്പാണ്—1980-ൽ ആണ്—ഞാൻ അതിന്റെ നേതൃസ്ഥാനത്തുനിന്ന് മാറിയത്. അതിൽനിന്ന് എന്നെ മാറിയതല്ല. ഞാൻ തന്നെ സ്വയം ഒഴിഞ്ഞുമാറിയതാണ്. എന്നെ മാറിയതാണ് എന്നുള്ള ശ്രീ. രാജേന്ദ്രന്റെ ആരോപണം ഞാൻ നിഷേധിക്കുന്നു.

സംസ്ഥാനത്തെ ഭക്ഷ്യധാന്യ സ്റ്റോക്ക്

*3 [201] ശ്രീ. കെ. ടി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കാനം രാജേന്ദ്രൻ:
,, വി. കെ. രാജൻ:

ഡോ. എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 സെപ്തംബർ 1-ാം തീയതി വരെ എത്ര ടൺ ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനത്ത് സ്റ്റോക്കുണ്ട്;

(ബി) ഇതിൽ അരിയുടെ സ്റ്റോക്ക് എത്ര;

(സി) ഗോതമ്പിന്റെ സ്റ്റോക്ക് എത്ര;

(ഡി) ഇവയ്ക്ക് കിലോഗ്രാമിന് എന്തു വിലയാണ് നിശ്ചയിച്ചിട്ടുള്ളത്?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) അരിയും ഗോതമ്പുമായി ആകെ 169,268 ടൺ ഭക്ഷ്യധാന്യങ്ങൾ 1-9-1985-ൽ സംസ്ഥാനത്ത് സ്റ്റോക്കുണ്ട്.

(ബി) 1,24,502 ടൺ.

(സി) 44,766 ടൺ.

(ഡി) അരിയുടെയും ഗോതമ്പിന്റെയും ചില്ലറവില ചുവടെ ചേർക്കുന്നു.

ഇനം	വില (കി. ഗ്രാമിന്)
കോമൺ അരി	2 രൂപ 26 പൈസ
ഫൈൻ അരി	2 രൂപ 39 പൈസ
സൂപ്പർ ഫൈൻ	2 രൂപ 56 പൈസ
ഗോതമ്പ്	1 രൂപ 90 പൈസ

ശ്രീ. കെ. ടി. കുമാരൻ: സർ, ഇത്രയധികം അരി സ്റ്റോക്കുണ്ടായിരുന്നിട്ടും കഴിഞ്ഞ ഓണക്കാലത്ത് കൂടുതൽ അരി വിതരണം ചെയ്യണമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടും മിക്ക റേഷൻ കടകളിൽകൂടിയും അരി വിതരണം ചെയ്തിട്ടില്ല. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ: ഓണക്കാലത്ത് ഗവൺമെന്റ് പ്രഖ്യാപിച്ചതനുസരിച്ച് ഓരോ കാർഡിൻമേലും പത്തു കിലോ അരി വീതം കൊടുത്തിട്ടുണ്ട്. അങ്ങനെ കൊടുത്തിട്ടില്ലായെന്ന് ചൂണ്ടിക്കാണിച്ചാൽ അതിനു പരിഹാരം ഉണ്ടാക്കാം.

ശ്രീ. കെ. ടി. കുമാരൻ: ഇത്രയധികം അരി സ്റ്റോക്ക് ഉണ്ടെങ്കിൽ അതിൽ ഇരുമ്പരി എത്ര ടണ്ണാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. യു. എ. ബീരാൻ: സർ, ഇരുമ്പരി ഇപ്പോൾ എഫ്. സി. ഐ. യിൽ സ്റ്റോക്ക് ഇല്ല. ഉള്ളതു പഴയ സ്റ്റോക്ക് മാത്രമാണ്. ഇപ്പോൾ ഇരുമ്പരി വരുന്നില്ല.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, ഒരു ലക്ഷത്തി അറുപത്തി ഒൻപതിനായിരം ടൺ അരി സ്റ്റോക്കുണ്ടെന്നു പറഞ്ഞു. എഫ്. സി. ഐ.-യുടെ കേരളത്തിലെ ഗോഡൗണുകളുടെ സ്റ്റോറേജ് കപ്പാസിറ്റി എത്രയാണ്?

ശ്രീ. യു. എ. ബീരാൻ: നാലുലക്ഷത്തി എഴുപത്തി ആറായിരം ടൺ.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, ഇത്രയും ഫെസിലിറ്റീസ് ഉണ്ടെങ്കിൽ ഹോംസെയിലിന്റെ മുഴുവൻ ഏർപ്പാടും സഹകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനമെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. യു. എ. ബീരാൻ: ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കിയതു ശരിയല്ല. നാലുലക്ഷത്തി എഴുപത്തിയാറായിരം ടൺ അവരുടെ സ്റ്റോറേജ് കപ്പാസിറ്റിയാണ്. ഹോംസെയിലും അതുമായിട്ട് യാതൊരു ബന്ധവുമില്ല. ഹോംസെയിലിന്റെ ബിസിനസ്സ് എഫ്. സി. ഐ.-യുടെ ഉത്തരവാദിത്വത്തിൽ പെട്ടതല്ല. അതു സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തിൽ പെട്ടതാണ്. പക്ഷേ ഒരു പ്രത്യേക സാഹചര്യത്തിൽ 22 കേന്ദ്രങ്ങളിൽ മാത്രമായിട്ട് ആ ഹോംസെയിൽ കൂടി നടത്താൻ സംസ്ഥാന ഗവൺമെന്റ് അപേക്ഷിച്ചത് അനുസരിച്ച് അവർ ഏറെടുത്തതു ആയിരുന്നു. അതു തിരിച്ച് അവരെ ഏൽപ്പിച്ചതാണ്.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഇരുമ്പരി ഇപ്പോൾ സ്റ്റോറാക്കില്ലെന്നും ഇപ്പോൾ അതു കേരളത്തിലേക്ക് വരുന്നില്ലായെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. കേരളത്തിൽ എഫ്. സി. ഐ. ഗോഡൗണുകളിൽ ഉണ്ടായിരുന്ന ഇരുമ്പരി എന്നാണ് വിതരണം ചെയ്തു തീർത്തത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. യു. എ. ബീരാൻ: പഴയ സ്റ്റോറാക്കിൽപെട്ട കുറച്ച് അരി ബാക്കിയുണ്ട്. അതു എഫ്. സി. ഐ.-യുടെ സ്റ്റോറാക്കിലിരിക്കുകയാണ്.

ശ്രീ. കാനം രാജേന്ദ്രൻ: എഫ്. സി. ഐ. ഗോഡൗണിൽ നിന്ന് അരി വിതരണം ചെയ്യുന്ന സന്ദർഭത്തിൽ സർവ്വീസ് ചാർജ്, ഹാൻഡ്‌ലിംഗ് ചാർജ് എന്ന നിലയിൽ റേഷൻ കട ഉടമകളിൽ നിന്ന് ഒരു തുക ഈടാക്കുന്നുണ്ട്. അതു മൊത്തമായി ഈടാക്കുകയാണ്. അങ്ങനെ സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതിന് എന്തു ന്യായമാണ് ഉള്ളതു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ: ഞാൻ അതിന്റെ വില ഇവിടെ പറഞ്ഞു. കോമൺ അരിക്ക് നമ്മൾ ഈടാക്കുന്ന വില കിലോഗ്രാമിന് 2.26 രൂപയാണ്. അതിന്റെ ഇഷ്യൂപ്രൈസ്—എഫ്. സി. ഐ. നമുക്ക് തരുന്ന പ്രൈസ്—രണ്ടു രൂപ എട്ട് പൈസയാണ്. ബാക്കിയുള്ളത് അതിൻമേൽ വരുന്ന ഇൻസിഡന്റൽ ചാർജസ് ആണ്.

ശ്രീ. വി. കെ. രാജൻ: ഇവിടെ ഒരു ലക്ഷത്തി ഇരുപത്തിനാലായിരം ടൺ അരി സ്റ്റോക്ക് ഉണ്ടെന്ന് മന്ത്രി പറഞ്ഞു. ഈ സ്റ്റോക്ക് കൊണ്ട് നമുക്ക് എത്ര കാലത്തെ റേഷൻ കൊടുക്കാൻ കഴിയും?

ശ്രീ. യു. എ. ബീരാൻ: ഒരു മാസം റേഷൻ കൊടുക്കാൻ ഒരുലക്ഷത്തി ഇരുപത്തയ്യായിരം ടൺ അരിയാണ് അനുവദിച്ചിട്ടുള്ളത്.

ശ്രീ. വി. കെ. രാജൻ: ഇവിടെ ഹോംസെയിൽ സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുന്ന നടപടിക്രമം അംഗീകരിച്ചിട്ടുണ്ടോ; തൃശ്ശൂർ ജില്ലയിൽ നാട്ടിക റൂറൽ ബാങ്ക് നടത്തിയിരുന്ന കച്ചവടം ഒരു സ്വകാര്യ വ്യക്തിക്ക് കൊടുത്തു. അതിനെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ? അത് തിരിച്ച് ആ സഹകരണ സംഘത്തെ തന്നെ ഏൽപ്പിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ: അത് കൊടുത്ത് കഴിഞ്ഞതാണ്. അത് ഇനി തിരിച്ചു കൊടുക്കുന്ന പ്രശ്നം ഇപ്പോൾ ഉദിക്കുന്നില്ല.

Dr. A. Subba Rao: May I know what is the present stock of what you call this 'ഇരുമ്പരി' and whether it is being distributed now? There is a complaint that still it is being distributed.

Shri U. A. Beeran: I have already told about that. We have got about 25,000 tonnes of this iron rice which we call 'Punjab Superfine Rice'.

Dr. A. Subba Rao: There is a complaint that it is being distributed now:

Shri U. A. Beeran; We are not distributing it now.

ശ്രീ. കെ. പി. രാമൻ: സർ, ഇന്ന് പല പേരുകളിലാണ് അരി വിതരണം ചെയ്യുന്നത്. ഇരുമ്പരി, ഫൈൻ അരി, സൂപ്പർ ഫൈൻ എന്നിവയാണ്. ജനങ്ങൾ പറയുന്ന ഇരുമ്പരി ഇപ്പോൾ വിതരണം ചെയ്യുന്നില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ജനങ്ങൾക്ക് ഈ ഇനങ്ങളിലുള്ള അരി തമ്മിൽ കൺഫ്യൂഷൻ ഉണ്ടാകുന്നതുകൊണ്ട് ഈ ഇനത്തിലുള്ള അരിയുടെ സാമ്പിൾ ലൈബ്രറിയിലോ മറ്റോ പ്രദർശിപ്പിക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. യു. എ. ബീരാൻ: ലൈബ്രറികളിൽ അത് പ്രദർശിപ്പിക്കേണ്ട കാര്യമില്ല. അത് റേഷൻ ഷോപ്പുകളിൽ പ്രദർശിപ്പിക്കുന്നുണ്ട്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: സർ, കോമൺ റൈസ്, ഫൈൻ, സൂപ്പർ ഫൈൻ എന്നിങ്ങനെയൊക്കെ അരി തരം തിരിവു നടത്തുന്നത് എന്ത് മാനദണ്ഡം അനുസരിച്ചാണ്? ആരാണ് ഈ തരംതിരിവ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ സൂപ്പർഫൈൻ അരിയെന്ന പേരിലാണ് ആളുകളുടെ തലയ്ക്ക് അടിച്ചേൽപ്പിക്കുന്നത്.

ശ്രീ. യു. എ. ബീരാൻ: അത് തരംതിരിക്കുന്നത് എഫ്. സി. ഐ. ആണ്. അവരാണ് അരി പ്രൊക്യൂവർ ചെയ്യുന്നതും അവരാണ് തരം തിരിക്കുന്നതും.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: ഒരു ലക്ഷത്തി 44 ആയിരം ടൺ അരിയെങ്കിലും സ്റ്റോക്കുണ്ടെന്നേ പറഞ്ഞു. കഴിഞ്ഞ ഓണം, ബക്രീദ് വിശേഷ ദിവസങ്ങളുമായി ബന്ധപ്പെട്ട് വിതരണം ചെയ്ത സ്പെഷ്യൽ റേഷൻ അടക്കമുള്ള 15 കിലോ അരി യാതൊരു കാരണവശാലും ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടായി. അതിനെ സംബന്ധിച്ച് എന്റെ നിയോജകമണ്ഡലത്തിൽ ഉള്ള പല പ്രദേശങ്ങളിൽ നിന്നും പരാതി കിട്ടിയിട്ടുണ്ട്. അങ്ങനെയുള്ള പരാതി കിട്ടിയാൽ അതിനെപ്പറ്റി അന്വേഷിക്കാൻ മന്ത്രി തയ്യാറാകുമോ?

ശ്രീ. യു. എ. ബീരാൻ: ഓണക്കാലത്ത് ഇഷ്യൂ ചെയ്തിട്ടുള്ള സ്പെഷ്യൽ റൈസ് നല്ലതാണ്. മിക്ക സ്ഥലങ്ങളിലും നല്ല അരിയാണ് കിട്ടിയത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ചില സ്ഥലങ്ങളിൽ എഫ്. സി. ഐ. അയച്ച് തന്നിട്ടുള്ള പഞ്ചാബ് പച്ചരി—പഞ്ചാബ് റോ റൈസ്—കുറച്ച് മോശമാണ്, ബാക്കിയെല്ലാംതന്നെ നല്ല അരിയാണ്.

ശ്രീ. സി. കെ. തങ്കപ്പൻ: അരിയുടെ വിലയെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ റേഷൻകടകളിൽ കൂടി കാർഡുടമകൾക്ക് കൊടുക്കുന്ന അരിയിൽ ഓരോ കാർഡിലും 300-ഉം 250-ഉം ഗ്രാം കുറവാണ് എന്ന് പരാതി വന്നപ്പോൾ അന്വേഷിച്ചു. അപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്, അരി കടത്തിക്കൊണ്ടുവരുന്നതിനുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ്ജിലുള്ള അപാകതയാണെന്നാണ്. ഏതായാലും കാർഡ് ഉടമകൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും അരി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ: കൃത്യമായിട്ടുള്ള അളവിലും തൂക്കത്തിലും കൊടുക്കണമെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

നെൽക്കൃഷിക്കാർക്ക് നൽകിവരുന്ന സബ്സിഡികൾ

*4 [202] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:
,, സി. വാസുദേവമേനോൻ:
ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷിക്കാർക്ക് ഇപ്പോൾ നൽകിവരുന്നത് എന്തെല്ലാം സബ്സിഡികളാണ്;

(ബി) ഹെക്ടർ ഒന്നിന് എന്തു തുകവീതം;

(സി) പണമായി നൽകുന്ന സബ്സിഡി ഹെക്ടർ ഒന്നിന് എത്ര രൂപ വീതം;

LIBRARY ARCHIVES Kerala Legislative Assembly